# യുവാവിനെ തലയ്ക്കടിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ 2 പ്രതികൾ കൂടി പിടിയിൽ

തിരുവനന്തപുരം:-: തിരുവല്ലം പനത്തുറ ക്ഷേത്ര ഉത്സവത്തിനിടെ യുവാവിനെ ക്രൂരമായി മർദ്ദിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ 2 പ്രതികളെ കൂടി പോലീസ് പിടികൂടി. വാഴമുട്ടം സ്വദേശികളായ ആകാശ് (19), തവള വിഷ്ണു എന്നു വിളിക്കുന്ന വിഷ്ണു (23) എന്നിവരെയാണ് തിരുവല്ലം പോലീസ് അറസ്റ്റ് ചെയ്തത്. ഈ കേസിലെ മറ്റു രണ്ടു പ്രതികളായ ജിത്തുലാൽ, അനിക്കുട്ടൻ എന്നിവരെ പോലീസ് കഴിഞ്ഞ ദിവസം അറസ്റ്റ് ചെയ്തിരുന്നു.

14.02.22 നാണ് സംഭവം നടന്നത്. പൂങ്കുളം സ്വദേശിയായ ഉണ്ണിശങ്കറിനെ ഉത്സവ പറമ്പിൽ വച്ച് പ്രതികൾ ഉൾപ്പെട്ട 6 അംഗ സംഘം ക്രൂരമായി മർദ്ദിക്കുകയും ക്രിക്കറ്റ് സ്റ്റമ്പ് കൊണ്ട് തലയ്ക്കടിച്ച് പരിക്കേൽപ്പിക്കുകയുമായിരുന്നു. ഗുരുതരമായി പരിക്കേറ്റ യുവാവ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. ഉത്സവത്തിനിടെ പ്രതികൾ കഞ്ചാവ് വിൽപ്പന നടത്തുന്നതും ഉപയോഗിക്കുന്നതും പറഞ്ഞു വിലക്കിയതിലുള്ള വിരോധമാണ് ആക്രമണത്തിന് കാരണം. പിടിയിലായ പ്രതി ആകാശ് കോവളം പോലീസ് സ്റ്റേഷനിൽ 4 അടിപിടി കേസുകളിലെ പ്രതിയാണ്.



തിരുവല്ലം പോലീസ് അറസ്റ്റ് ചെയ്ത
ആകാശ് (19), വിഷ്ണു (23)